**പതിനാലാം കേരളനിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1301 **10.08.2017** - ലെ മറുപടിയ്ക്ക്

**ഭവനനിർമ്മാണ വായ്പകൾ**

ചോദ്യം
ശ്രീ. സി.കെ. ഹരീന്ദ്രൻ

ഉത്തരം
ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹൗസിംഗ് ബോർഡിൽ നിന്നും വിതരണം ചെയ്ത ഭവന നിർമ്മാണ വായ്പകളിൽ ദീർഘകാലമായി തിരിച്ചടവ് മുടങ്ങിക്കിടക്കുന്നവ എഴുതിതത്തള്ളാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും വിതരണം ചെയ്ത ഭവന നിർമ്മാണ വായ്പകളിൽ കുടിശ്ശിക വരുത്തിയ ദുർബ്ബല വരുമാന വിഭാഗക്കാരായ മുഴുവൻ പേരുടെയും വായ്പാ ബാദ്ധ്യത 20.05.2009-ലെ സ.ഉ(എം.എസ്)നം. 21/2009/ഭവനം നമ്പർ പ്രകാരം എഴുതിത്തള്ളി ഉത്തരവായിരുന്നു. അതുപോലെ തന്നെ മൈത്രി ഭവന പദ്ധതിയിലെ കുടിശ്ശികക്കാരായി അവശേഷിക്കുന്ന വായ്പാക്കാരുടെയും വായ്പാ ബാദ്ധ്യത എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. കൂടാതെ വായ്പാ കുടിശ്ശികക്കാരെ സഹായിക്കുന്നതിന്റെ ഭാഗമായി ബോർഡിൽ 07.02.2004 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വന്നിരുന്നു. ടി പദ്ധതി പ്രകാരം താഴ്ന്ന, ഇടത്തരം ഉയർന്ന വരുമാന വിഭാഗക്കാരായ |

| | | | |
|---|---|---|---|
| | | | മുഴുവൻ ഗുണഭോക്താക്കളുടെയും പിഴപ്പലിശ പൂർണ്ണമായും ഇളവ് അനുവദിക്കുകയുണ്ടായി. ഇടത്തരം/ ഉയർന്ന വരുമാന വിഭാഗക്കാരായ കുടിശ്ശികക്കാരുടെ മുടക്കപ്പലിശ യഥാക്രമം 70%-ഉം 50%-ഉം ഇളവ് അനുവദിച്ചിരുന്നു. ഒ.റ്റി.എസ്. പദ്ധതി യുടെ കാലാവധി 30.06.2017-ൽ അവസാനിച്ചതിനെ തുടർന്ന് ആയത് ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ അവശേഷിക്കുന്ന കുടിശ്ശികക്കാരിൽ ഭൂരിഭാഗം പേരും തങ്ങൾക്ക് തിരിച്ചടവ് ശേഷി ഇല്ല എന്നും, സാമ്പത്തികമായി അവശത അനുഭവിക്കുന്നവരും രോഗഗ്രസ്ഥരാണെന്നും കാണിച്ച് നിരന്തരം നൽകുന്ന അപേക്ഷകൾ പരിഗണിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള ഒരു പാക്കേജ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കടാശ്വാസത്തിലൂടെ അടച്ചുതീർത്ത ഭവന വായ്പകളിൽ പലതിനും ഈടായി നൽകിയ വസ്തുവിന്റെ പ്രമാണം തിരിച്ചു നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. കടാശ്വാസ പദ്ധതി പ്രകാരമുള്ള ഇളവുകൾ ലഭിക്കാൻ ബോർഡിലെ വായ്പാ ഗുണഭോക്താക്കൾക്ക് അവസരം ഉണ്ടായിരുന്നു. മുതലും മുതലോളം പലിശയും അടക്കം |

| | | | |
|---|---|---|---|
| | ആയത് തിരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | | 200 ശതമാനമെങ്കിലും തിരിച്ചടവ് നടത്തിയ വായ്പാക്കാരുടെ കട ബാദ്ധ്യത പൂർണ്ണമായും എഴുതി ത്തള്ളാൻ ഉത്തരവായിരുന്നു. കൂടാതെ മുതലും പലിശയുമായി 150 ശതമാനം തിരിച്ചടവ് നടത്തിയ വർക്ക് അവർ 200 ശതമാനം തിരിച്ചടവ് നടത്താൻ 24 മാസത്തവണയും അനുവദിക്കുകയു ണ്ടായി. 200 ശതമാനം തിരിച്ചടവ് നടത്തിയ 18 പേർക്ക് മാത്രമെ ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുക യുണ്ടായുള്ളൂ. 49 പേർക്ക് 150 ശതമാനം തിരിച്ചടവ് നടത്താൻ അനുമതി നൽകിയിട്ടുണ്ട്. 200 ശതമാനം കടാശ്വാസം അനുവദിച്ച തിൽ ആകെയുള്ള 18 പേരിൽ 16 പേർക്കും പ്രമാണം മടക്കി നൽകിയിട്ടുണ്ട്. 150 ശതമാനം ഒടുക്കിയവരിൽ 21 പേർ തിരിച്ചടവ് പൂർത്തിയാക്കി പ്രമാണം കൈപ്പറ്റിയി ട്ടുണ്ട്. ബാക്കിയുള്ളവർ തിരിച്ചടവ് നടത്തി വരുന്നു. ആയത് പൂർത്തി യാകുന്ന മുറയ്ക്ക് വസ്തുവിന്റെ പ്രമാണം മടക്കി നൽകുന്നതാണ്. |

Subha

സെക്ഷൻ ഓഫീസർ